**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 475** **08-10-2024 - ൽ മറുപടിയ്ക്ക്**

**എം.എൽ.എ ഫണ്ടിൽ നിന്നും സ്കൂളുകൾക്കുള്ള ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | എം.എൽ.എ ഫണ്ടിൽ നിന്നും ഒരു സർക്കാർ സ്കൂളിലേക്ക് എന്തെല്ലാം കാര്യങ്ങൾ ചെയ്യുന്നതിന് പണം അനുവദിക്കാനാവും എന്നത് എസ്.ഡി.എഫ്., എ.ഡി.എസ്. എന്നിവ പ്രത്യേകം തരം തിരിച്ച് വ്യക്തമാക്കുമോ; | (എ) | <u>പ്രത്യേക വികസന നിധി</u><br><br>1) സർക്കാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ അധീനതയിലുള്ള സ്കൂൾ കെട്ടിടങ്ങൾ, വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റലുകൾ, ലൈബ്രറി കെട്ടിടങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള മറ്റു തരത്തിലുള്ള കെട്ടിടങ്ങൾ എന്നിവയുടെ നിർമ്മാണം.<br><br>2) ഗവ. സ്കൂളുകൾക്ക് കമ്പ്യൂട്ടറുകൾ വാങ്ങുക, ഇൻഫർമേഷൻ ഫുട്പാത്ത്, ഹോം ക്ലബ്ബ്, സിറ്റിസൺ ബാൻഡ് റേഡിയോ തുടങ്ങിയവയ്ക്ക്<br><br>3) സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് കമ്പ്യൂട്ടറുകൾ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ, സ്മാർട്ട് ക്ലാസ്സ് റൂമുകളുടെ നിർമ്മാണം എന്നിവ.<br><br>4) സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ടോയ് ലെറ്റുകൾ, ടോയ് ലെറ്റുകളോട് ചേർന്ന് സാനിട്ടറി നാപ്കിൻ വെൻഡിംഗ്/ ഡിസ്പോയർ മെഷീനുകൾ സ്ഥാപിക്കൽ, പാചകപ്പുരകൾ എന്നിവയുടെ നിർമ്മാണം.<br><br>5) സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കുടിവെള്ളമെത്തിക്കുന്നതിനുള്ള പൈപ്പിടൽ, ടാങ്ക് നിർമ്മാണം/ വാങ്ങൽ, വാട്ടർ പ്യൂരിഫയർ വാങ്ങൽ, വാട്ടർ റീചാർജ്ജിംഗ് സൗകര്യമൊരുക്കൽ, കുഴൽ കിണർ നിർമ്മിക്കൽ.<br><br>6) സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലൈബ്രറികൾക്ക് പുസ്തകങ്ങൾ, ഷെൽഫുകൾ വാങ്ങൽ, നിർമ്മിക്കൽ.<br><br>7) സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ബസ്/ വാഹനം വാങ്ങി നൽകൽ. വാങ്ങുന്ന വാഹനത്തിന്റെ ആവർത്തന ചെലവുകൾ (ഡ്രൈവറുടെ ശമ്പളം |

| | | | |
|---|---|---|---|
| | | | **ഉൾപെടെ) പരിപാലനം എന്നിവ സ്കൂൾ പി.ടി.എ വഹിക്കേണ്ടതാണ്.**<br><br>**8) സർക്കാർ സ്കൂളുകൾക്ക് ബഞ്ച്, ഡെസ്ക് മുതലായ ഫർണീച്ചർ വാങ്ങൽ**<br><br><u>ആസ്തി വികസന നിധി</u><br><br>**1) സർക്കാരിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും അധീനതയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ആവശ്യമായ കെട്ടിടങ്ങൾ, പാർക്കുകൾ, മൈതാനങ്ങൾ, കളി സ്ഥലം എന്നിവയുടെ നിർമ്മാണം.**<br><br>**2) സർക്കാർ വിദ്യാലയങ്ങളിൽ സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മാണം.**<br><br>**3) സർക്കാർ വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ യാത്രാ സൗകര്യം മെച്ചപ്പെടുത്തുന്നതിനായി ബസ് വാങ്ങൽ.** |
| (ബി) | എം.എൽ.എ ഫണ്ടിൽ നിന്നും ഒരു സർക്കാർ എയ്ഡഡ് സ്കൂളിലേക്ക് എന്തെല്ലാം കാര്യങ്ങൾ ചെയ്യുന്നതിന് പണം അനുവദിക്കാനാവും എന്നത് എസ്.ഡി.എഫ്., എ.ഡി.എസ്. എന്നിവ പ്രത്യേകം തരം തിരിച്ച് വ്യക്തമാക്കുമോ; | (ബി) | <u>പ്രത്യേക വികസന നിധി</u><br><br>**1) സർക്കാർ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് കമ്പ്യൂട്ടറുകൾ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ, സ്മാർട്ട് ക്ലാസ്സ് റൂമുകളുടെ നിർമ്മാണം എന്നിവ.**<br><br>**2) സർക്കാർ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ടോയ് ലെറ്റുകൾ, ടോയ് ലെറ്റുകളോട് ചേർന്ന് സാനിട്ടറി നാപ്കിൻ വെൻഡിംഗ്/ ഡിസ്ട്രോയർ മെഷീനുകൾ സ്ഥാപിക്കൽ, പാചകപ്പുരകൾ എന്നിവയുടെ നിർമ്മാണം.**<br><br>**3) സർക്കാർ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കുടിവെള്ളമെത്തിക്കുന്നതിനുള്ള പൈപ്പിടൽ, ടാങ്ക് നിർമ്മാണം/ വാങ്ങൽ, വാട്ടർ പ്യൂരിഫയർ വാങ്ങൽ, വാട്ടർ റീചാർജ്ജിംഗ് സൗകര്യമൊരുക്കൽ, കുഴൽ കിണർ നിർമ്മിക്കൽ.**<br><br><u>ആസ്തി വികസന നിധി</u><br><br>**1) എയ്ഡഡ് സ്കൂൾ ഒന്നിന് ഒരു വർഷം 10 ലക്ഷം രൂപയിൽ അധികരിക്കാത്ത എസ്റ്റിമേറ്റ് തുകയുള്ള ടോയ് ലെറ്റുകൾ/ പാചകപ്പുര എന്നിവയുടെ നിർമ്മാണം** |
| (സി) | എം.എൽ.എ ഫണ്ടിൽ നിന്നും സംസ്ഥാന സർക്കാർ സിലബസ് പിന്തുടരുന്ന ഒരു അൺഎയ്ഡഡ് സ്കൂളിലേക്ക് എന്തെല്ലാം കാര്യങ്ങൾ ചെയ്യുന്നതിന് പണം അനുവദിക്കാനാവും എന്നത് എസ്.ഡി.എഫ്., | (സി) | അനുവദനീയമല്ല. |

| | | | |
|---|---|---|---|
| | എ.ഡി.എസ്. എന്നിവ പ്രത്യേകം തരം തിരിച്ച് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ